


സഹസ്രാബ്ദത്തോളം നീളുന്ന വിശ്വാസ പൈതൃകം
ചരിത്ര സ്മൃതികളുറങ്ങുന്ന പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ കാഞ്ഞൂർ സെന്റ് മേരീസ് ഫൊറോന പള്ളിയിൽ

വിളിച്ചു വിളികേട്ട

# വി.സെബസ്ത്യാനോസിന്റെ

# തിരുനാൾ

2025 ജനുവരി 17 18 19 20

എട്ടാമിടം 26 27 തിയ്യതികളിൽ

**സഹ വികാരിമാർ**



**ഫാ. ഡോൺ
മുളവരിയ്ക്കൽ**

**വികാരി**





**ഫാ. അഗസ്റ്റിൻ
പാറയ്ക്കൽ CMI**



**ഫാ. ജോസ്
വലിയകടവിൽ VC**

പ്രിയ സഹോദരി സഹോദരന്മാരെ,

*'...മരണംവരെ വിശ്വസ്തൻ ആയിരിക്കുക; എന്നാൽ ജീവന്റെ കിരീടം നിനക്കു ഞാൻ നൽകും'.(വെളിപാട് 2:10).*

ആദ്യം അമ്പുകളേറ്റ് രക്തം വാർന്നൊലിച്ചും, പിന്നീട് ഇരുമ്പ് ദണ്ഡുകൊണ്ട് മാരകമായ അടിയേറ്റും ഇഞ്ചിഞ്ചായി മരണം വരിച്ച്, അവസാനശ്വാസം വരെ വിശ്വസ്തത പാലിച്ച് യേശുവിന് ധീരമായ സാക്ഷ്യം നല്കിയ സെബസ്ത്യാനോസിന് ദൈവം ജീവന്റെ കിരീടം നല്കി. സ്വർഗ്ഗത്തിലെ വിശുദ്ധൻ ഇന്ന് കാഞ്ഞൂർ പള്ളിയിലിരുന്ന് പതിനായിരങ്ങളുടെ വിശ്വാസത്തോടെയുള്ള നിലവിളിക്ക് ഉത്തരം നല്കിക്കൊണ്ട് ഈ പുണ്യഭൂമിയിലേക്ക് എല്ലാവരെയും മാടി വിളിക്കുന്നു. വിശുദ്ധന്റെ മാധ്യസ്ഥം വഴി അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ തിരുനാൾ കർമ്മങ്ങളിലേക്ക് ഏവരെയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

**ഫാ. ജോയ് കണ്ണമ്പുഴ**
വികാരി






# വിളിച്ചു വിളി കേട്ട അത്ഭുത തിരുസ്വരൂപം

16-ാം നൂറ്റാണ്ടിൽ ഇറ്റലിയിലെ മിലാനിൽ നിർമ്മിച്ചു.
പോർച്ചുഗീസ് മിഷണറിമാർ കാഞ്ഞൂർ പള്ളിയിൽ സ്ഥാപിച്ചു.
ചരിത്ര പുരുഷന്മാരായ ടിപ്പുസുൽത്താനും ശക്തൻ തമ്പുരാനും
വിശുദ്ധന്റെ അത്ഭുത പ്രവർത്തികൾക്ക് സാക്ഷികൾ...



# കനകം വിളയുന്ന ഊര്-കാഞ്ഞൂർ

കനകം വിളയുന്ന ഊരിലെ മനയെ കാഞ്ഞൂർമന എന്നു വിളിച്ചിരുന്നു. കനകം വിളയുന്ന ഊരു ലോപിച്ചു കാഞ്ഞൂർ ആയി മാറി. വളരെ പുരാതനമായ താളിയോലഗ്രന്ഥങ്ങളിൽ കാഞ്ഞൂർ മനയെക്കുറിച്ചു പറയുന്നുണ്ട്. വെള്ളാരപ്പള്ളി കൊച്ചിതമ്പുരാക്കന്മാരുടെ സുഖവാസകേന്ദ്രവും സുരക്ഷിത കേന്ദ്രവുമായിരുന്നു. കൊച്ചി രാജാക്കന്മാരുടെ വേനൽക്കാല വസതികൾ (സമ്മർ പാലസ്) പെരിയാറിന്റെ തീരത്തായിരുന്നു. തമ്പുരാക്കന്മാരുടെ സുരക്ഷിതകേന്ദ്രം പുതിയ ഇടമായതുകൊണ്ട് പുതിയേടം എന്നുപേരുണ്ടായി. വെള്ളാരപ്പള്ളിയുടെ കിഴക്ക്-വടക്ക് പെരിയാറിന്റെ തീരത്താണ് കാഞ്ഞൂർപള്ളിയും കാഞ്ഞൂരും സ്ഥിതിചെയ്യുന്നത്.

## കാഞ്ഞൂർ പള്ളിയ്ക്ക് സ്ഥലം കിട്ടിയത്

കാഞ്ഞൂരിൽ ആദ്യമായി വന്ന വൈദികർ മടങ്ങി പോകുമ്പോൾ തങ്ങൾക്കു നൽകിയ ഉറപ്പ് സഫലമാക്കാനുള്ള ചിന്തകളിൽ മുഴുകി വിശ്വാസികൾ ദിവസങ്ങൾ തള്ളി നീക്കി. ശാശ്വതമായ ഒരു പള്ളിയും പട്ടക്കാരനും ഉണ്ടാകണം. ആത്മീയകാര്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങളും, മരിച്ചാൽ അടക്കം ചെയ്യാനുള്ള സ്ഥലവും ഉണ്ടാകണം. ആയിടയ്ക്ക് നാട്ടിലാകെ കോളറ പടർന്നു പിടിച്ചു. അന്നത്തെ കാലത്ത് കോളറ, വസൂരി, പ്ലേഗ് തുടങ്ങിയ പകർച്ചവ്യാധികൾ പിടിപെട്ടാൽ ജനങ്ങൾ കൂട്ടത്തോടെ മരിക്കുകയാണ് പതിവ്. നാട്ടിലെ വലിയ മനയായ കാഞ്ഞൂർ മനയിലെ വലിയ തിരുമേനിക്ക് കോളറ പിടിപെട്ടു. വലിയ തിരുമേനി മരിക്കുമെന്ന നിലയിലായി. ഏലീശ്വാ പല വൈദ്യമുറകളും പഠിച്ചിട്ടുള്ള ഒരു മഹതിയായിരുന്നു. കോളറ ചികിത്സയിൽ പ്രത്യേകം വൈദഗ്ദ്ധ്യം അവർക്കുണ്ടായിരുന്നു. ഏലീശ്വാ മനസ്സുവെച്ചാൽ മാത്രമേ തന്റെ ജീവൻ രക്ഷിക്കാൻ കഴിയൂ എന്ന് വലിയതിരുമേനിക്ക് വെളിപാടുണ്ടായി. ഏലീശ്വയെ ആളയച്ചു വരുത്തി തന്റെ ജീവൻ രക്ഷിക്കണമെന്ന് തിരുമേനി അഭ്യർത്ഥിച്ചു. ഏലിശ്വയുടെ ചികിത്സകൾ കൊണ്ട് തിരുമേനി പൂർണ്ണ സുഖം പ്രാപിച്ചു. സന്തുഷ്ടനായ തിരുമേനി കല്പിച്ചു ചോദിച്ചു "നിങ്ങൾ എന്റെ ജീവൻ രക്ഷിച്ചു. നാം എന്തു പ്രതിഫലമാണ് നൽകേണ്ടത്?" ഏലീശ്വാ പറഞ്ഞു: "എന്റെ സമുദായ വിശ്വാസപ്രകാരം ആഴ്ചയിൽ ഒരു കുർബാനയെങ്കിലും കാണണം. അതിനുവേണ്ടി ഒരു പള്ളിക്കുവയ്ക്കുന്നതിനുള്ള സ്ഥലവും അനുവാദവും അവിടുന്ന് നൽകണം." അവളുടെ ആവശ്യങ്ങൾ അംഗീകരിച്ചാൽ ഉണ്ടാകുന്ന ഭവിഷത്തുകളെ സംബന്ധിച്ച് തിരുമേനി ഗാഢമായി ചിന്തിച്ചു. എന്തും വരട്ടെ, അവസാനം അദ്ദേഹം ദൃഢ സ്വരത്തിൽ പറഞ്ഞു. "ഏലീശ്വാ നാം സമ്മതിച്ചിരിക്കുന്നു." കാഞ്ഞൂർ പള്ളിയ്ക്ക് സ്ഥലവും പള്ളി പണിയാനുള്ള അംഗീകാരവും കിട്ടിയതിനു പിന്നിലെ കഥ ഇതാണ്.

കാഞ്ഞൂരിലെ ഓലകൊണ്ടുള്ള പഴയ പള്ളി പൊളിച്ച് 1403ൽ പുതിയ പള്ളി നിർമ്മിച്ചതായി മദ്ബഹായിലെ ശീലാന്തിയിലെ വട്ടെഴുത്തുകൾ വിളിച്ചുപറയുന്നു. പ്രാചീന ഭാഷയിലെ ലിഖിതങ്ങൾ നൂറ്റാണ്ടുകളുടെ പഴക്കത്തിന്റെ തെളിവുകൾ തരുന്നു. പോർച്ചുഗീസ് മെത്രാനും മാർപാപ്പയുടെ






കാഞ്ഞൂർ പള്ളി - വിവിധ മുഖങ്ങൾ

പ്രതിനിധിയും ശക്തൻതമ്പുരാനും ടിപ്പുസുൽത്താനും കൊടുങ്ങല്ലൂർ അതിരൂപതയുടെ ഭരണകർത്താവും അർക്കദിയാക്കോന്മാരും എല്ലാം കാഞ്ഞൂർ പള്ളിയുടെ ചരിത്ര സാക്ഷ്യങ്ങളാണ്.

മലയാറ്റൂർ പള്ളിയും കാലടി അദ്വൈതാശ്രമവും ശ്രീശങ്കരസ്തൂപവും തിരുവൈരാണിക്കുളം ക്ഷേത്രവും ആദിമനൂറ്റാണ്ടിലെ ഭാരതസഭയുടെ തലസ്ഥാനമായിരുന്ന അങ്കമാലി പള്ളിയും കൊച്ചിരാജാക്കന്മാരുടെ കുടുംബക്ഷേത്രമായ പുതിയേടം ദേവീക്ഷേത്രവും എല്ലാം കാഞ്ഞൂരിൽനിന്ന് വിളിപ്പാട് അകലെ മാത്രമാണ്. മലയാറ്റൂരിലേക്കും തിരുവൈരാണിക്കുളത്തേക്കും പോകുന്ന തീർത്ഥാടകർ കാഞ്ഞൂരിൽ സെബസ്ത്യാനോസിനെ കണ്ടുവണങ്ങിപ്പോകുന്ന പതിവും സാധാരണമാണ്.

## കാഞ്ഞൂരിൽ ജീവിക്കുന്ന വിശുദ്ധ സെബസ്ത്യാനോസ്



കാഞ്ഞൂർ ഫൊറോന പള്ളിയിൽ വിശ്വാസത്തിന്റെ ദീപശിഖ ഉജ്ജ്വലമായ പ്രകാശത്തോടെ കത്തിജ്വലിക്കുന്നത് അത്ഭുതപ്രവർത്തകനായ വിശുദ്ധ സെബസ്ത്യാനോസിന്റെ പേരും പെരുമയും കൊണ്ടാണ്. പരിശുദ്ധ കന്യകാമറിയത്തിന്റെ നാമധേയത്തിലാണ് കാഞ്ഞൂർ ദേവാലയം സ്ഥാപിച്ചിട്ടുള്ളതെങ്കിലും പുണ്യവാനെ ചുറ്റിപ്പറ്റിയുള്ള അത്ഭുതകഥകളാണ് ഈ തീർത്ഥാടനകേന്ദ്രത്തെ ഇത്രകണ്ട് പ്രസിദ്ധമാക്കിയിട്ടുള്ളത്.

വിശുദ്ധന്റെ ചൈതന്യവത്തായ തിരുസ്വരൂപ ദർശനത്താൽ ഭക്തജനങ്ങൾക്ക് കിട്ടുന്ന ആനന്ദാനുഭൂതികൾ അവർണ്ണനീയമാണ്. ഉദയസൂര്യനെപ്പോലെ തേജസ്സുറ്റ ആ ദിവ്യസ്വരൂപം അത്ഭുത കഥകൾ കൊണ്ട് ഇതിഹാസങ്ങൾ രചിച്ചുകൊണ്ടിരിക്കുന്നു.


## മതസൗഹാർദ്ദത്തിന്റെ ഈറ്റില്ലം

മതത്തിന്റെ പേരിൽ മനുഷ്യർ തമ്മിലടിക്കുമ്പോൾ ഹിന്ദുവും ക്രിസ്ത്യാനിയും ഇതരജാതി മതസ്ഥരും മുട്ടിയുരുമ്മി, ഭയഭക്തിയാദരങ്ങളോടെ, പുണ്യവാന്റെ തിരുസന്നിധിയിൽ ഒത്തുകൂടി, കൂപ്പുകൈകളോടെ വണങ്ങിനിൽക്കുന്ന കാഴ്ച ആരേയും കോൾമയിർക്കൊള്ളിക്കുന്നതാണ്. ക്രൈസ്തവ-ഹൈന്ദവ സംസ്കാരങ്ങൾ ഒന്നായലിഞ്ഞുചേർന്ന്, ആർക്കും ഹരം പകരുന്നതും ആനന്ദം നൽകുന്നതുമായ തിരുനാളാഘോഷങ്ങളാണ് ഇവിടെ നടക്കുന്നത്.



## ശക്തൻതമ്പുരാനും ആനവിളക്കും

**(ആനവിളക്ക് കൊടുക്കുവാൻ പ്രേരിപ്പിച്ച സംഗതി)**



ശക്തൻ തമ്പുരാൻ എന്ന പേരിൽ അറിയപ്പെടുന്ന രാമവർമ്മ ത്തമ്പുരാൻ പള്ളിയിൽ നിന്നും അരമൈൽ അകലെയുള്ള കോവിലകത്താണ് ജനിച്ചതും വാണിരുന്നതും. കാഞ്ഞൂർ പെരുന്നാളിനോടനുബന്ധിച്ചുള്ള വെടിക്കെട്ട് പ്രസിദ്ധമാണ്. കതിന വെടിയുടെ ശബ്ദത്താൽ അന്തരീക്ഷമാകെ മുകരിതമാകും. ഇടമുറിയാതെയുള്ള കതിനവെടിയുടെ ശബ്ദംകൊണ്ട് സഹികെട്ട തമ്പുരാൻ വെടിക്കോപ്പുകളെല്ലാം വാരി വെള്ളത്തിൽ കളയാൻ കല്പന കൊടുത്തു. ഭൃത്യന്മാർ കല്പന നിറവേറ്റി. ഭക്തജനങ്ങൾക്ക് നിരാശയായി. എന്നാൽ അത്ഭുതമെന്നുപറയട്ടെ പ്രദക്ഷിണം ആരംഭിക്കേണ്ട സമയത്ത് വെള്ളത്തിൽ കിടന്ന് കതിനകൾ പൊട്ടാൻ തുടങ്ങി. കോപിഷ്ഠനായ തമ്പുരാൻ വെടിപൊട്ടുന്നിടത്തേക്ക് എഴുന്നള്ളി. അവിടെ നടക്കുന്ന അത്ഭുതം തമ്പുരാൻ നേരിൽ കണ്ടു. പുണ്യവാനെ വണങ്ങി പള്ളിയ്ക്ക് ആനവിളക്ക് കാണിക്കയായി സമർപ്പിച്ചു.



ശക്തൻ തമ്പുരാനിൽ നിന്നും കാണിക്കയായി ലഭിച്ച പ്രസിദ്ധമായ ആനവിളക്ക്

അതിനോടൊപ്പം തമ്പുരാനുമായി ബന്ധപ്പെട്ട മറ്റൊരു സംഭവം കൂടി പറയപ്പെടുന്നു. തമ്പുരാൻ പിൻഭാഗത്തെ പടിപ്പുരയുടെ സമീപത്തുകൂടി കുതിരപ്പുറത്ത് സവാരി ചെയ്യുമ്പോൾ പടിപ്പുരയിൽനിന്നും ചിലർ തിരുവുള്ളക്കേടുണ്ടാക്കി. കോപിഷ്ഠനായ രാജാവ് പടിപ്പുര പൊളിച്ചുകളയുവാൻ കല്പന കൊടുത്തു. ഭൃത്യന്മാർ പള്ളിയുടെ പടിപ്പുര പൊളിച്ച സമയത്ത് കോവിലകത്തെ പടിപ്പുര കൊട്ടാരത്തിലെ ആന തകർക്കാൻ തുടങ്ങി. ഇതുകണ്ട് തമ്പുരാൻ കമ്പോളത്തലവനായ കാഞ്ഞൂർ തരകനെ വിളിച്ചുവരുത്തി വിവരങ്ങൾ ആരാഞ്ഞു. കാഞ്ഞൂർ പള്ളിയിലെ സെബസ്ത്യാനോസ് പുണ്യവാൻ അത്ഭുത സിദ്ധിയുള്ള ദിവ്യനാണെന്നും, അവിടത്തെ കോപമാണ് ഇതിനെല്ലാം കാരണമെന്നും തരകൻ തമ്പുരാനോട് ഉണർത്തിച്ചു. കോവിലകത്തെ പൂജാരി വെളിച്ചപ്പാടു തുള്ളി പറഞ്ഞതും ഇതുതന്നെയായിരുന്നു. കോപത്തിൽ നിന്നും രക്ഷനേടാൻ പള്ളിക്ക് ആനവിളക്കിൽ എണ്ണ പകരാൻ ഭൂമി ദാനം ചെയ്തെന്നും, പള്ളി ഇരിക്കുന്ന സ്ഥലം കരമൊഴിവായി കല്പിച്ചു നൽകിയെന്നുമാണ് പരമ്പരാഗത വിശ്വാസം.

## ടിപ്പുസുൽത്താന്റെ ആക്രമണവും വിളിച്ചുവിളികേൾപ്പിച്ച സംഭവവും



മൈസൂരിലെ ഹൈദരാലിയും പുത്രൻ ടിപ്പുസുൽത്താനും ബ്രിട്ടീഷുകാർക്ക് ഒരു വെല്ലുവിളിയായിരുന്നു. കേരളത്തിലെ ചരിത്രത്തിൽ ടിപ്പുസുൽത്താന്റെ ആക്രമണം എന്നെന്നും മായാതെ നിൽക്കുന്ന ഒരദ്ധ്യായമാണ്.

1790-ൽ ടിപ്പുസുൽത്താൻ പള്ളി ആക്രമിക്കാൻ പടയുമായി കാഞ്ഞൂരിൽ എത്തി. ടിപ്പുവിന്റെ പട വരുന്നെന്ന് കേട്ട് ഇടവകജനങ്ങൾ ഓടിക്കൂടി വിശുദ്ധ സെബസ്ത്യാനോസിന്റെ രൂപത്തിനുമുന്നിൽ പ്രാർത്ഥന തുടങ്ങി. കലിതുള്ളി പടവാളുമായി കാഞ്ഞൂർപള്ളിയെ ആക്രമിക്കുവാൻ ടിപ്പു കല്പനകൊടുത്തപ്പോൾ ഭക്തജനങ്ങൾ പുണ്യവാന്റെ അത്ഭുതശക്തിയെക്കുറിച്ച് സുൽത്താനോട് പറഞ്ഞു. അതുകേട്ട് സുൽത്താൻ പറഞ്ഞു; "ഈ കളിമൺ പ്രതിമയ്ക്ക് അത്ഭുതശക്തിയുണ്ടെങ്കിൽ പുണ്യവാൻ നേരിട്ടുസംസാരിക്കട്ടെ" എന്ന്. ഭക്തജനങ്ങൾ കൂട്ടനിലവിളിയോടെ "ഞങ്ങളെ കാത്തുകൊള്ളണമെ" എന്ന് വിളിച്ചപേക്ഷിച്ചു. ആ സന്ദർഭത്തിൽ "എന്നെ ഇവിടെ ഇരിക്കാൻ സമ്മതിക്കില്ലേ!"എന്നു ഉച്ചത്തിൽ സെബസ്ത്യാനോസിന്റെ രൂപത്തിൽ നിന്നു ശബ്ദം പുറത്തേക്കു വന്നു. അപ്പോൾ പള്ളിക്കകത്തു ആകെ തീജ്ജ്വാലകൾ പരന്ന പ്രതീതി ഉണ്ടായി. ഈ അത്ഭുതം കണ്ടു കാഞ്ഞൂർ പള്ളിയെ ആക്രമിക്കാതെ ടിപ്പുസുൽത്താൻ മടങ്ങിപ്പോയി എന്നാണ് ഐതിഹ്യം. ടിപ്പുവിന്റെ ചരിത്രത്തിൽ ഊരിയ വാൾ ഉറയിലിട്ട അനുഭവം അന്നാദ്യമായാണുണ്ടായതത്രേ.





പ്രവേശന കവാടത്തുള്ള ടിപ്പുസുൽത്താന്റെ പടക്കെതിരെ യുദ്ധം ചെയ്യുന്ന തിരുവിതാംകൂർ സൈന്യത്തിന്റെ ചിത്രങ്ങൾ.





കാഞ്ഞൂർ ദേവാലയ ചരിത്രം ഒറ്റ ക്യാൻവാസിൽ – മ്യൂറൽ ഛായ ചിത്രീകരണം

അലക്സ് വർഗീസ് കിഴക്കിനേടത്ത്

## വിശ്വാസനിറവിൽ പ്രദക്ഷിണവും പരുന്തും

ജനുവരി ഇരുപതാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് ഇറങ്ങുന്ന തിരുനാൾ പ്രദക്ഷിണത്തിന് പുണ്യവാനെ അകമ്പടി സേവിക്കുവാൻ എല്ലാ വർഷവും പരുന്തുകൾ വട്ടമട്ട് പറക്കുന്നതും നട്ടുച്ചയ്ക്കും നക്ഷത്രങ്ങൾ തെളിഞ്ഞു കാണുന്നതും തീർത്ഥാടകരെ നിർവൃതിയിലെത്തിക്കുന്നു. ഈ പരുന്തുകൾ വരുന്നതിന് ഒരു ചരിത്രം പറയുന്നുണ്ട്. സെബസ്ത്യാനോസിനെ അമ്പെയ്ത് മരിക്കാതെ വന്നപ്പോൾ ഗദകൊണ്ട് തലയ്ക്ക് അടിച്ചുകൊന്നു. കഴുകന്മാരും, നരികളും ഉപദ്രവിക്കാതെ ആ ശരീരത്തിനു ചുറ്റു പരുന്തുകൾ കാവൽനിന്നു. അതുകൊണ്ടാണ് വി. സെബസ്ത്യാനോസ് മരിച്ച ജനുവരി 20ന് തിരുനാൾ കൊണ്ടാടുന്ന കാഞ്ഞൂർ പള്ളിയിലെ പുണ്യവാന്റെ തിരുസ്വരൂപം ഇറങ്ങുമ്പോൾ മുതൽ പരുന്തുകൾ വട്ടമിട്ട് പറക്കുന്നതും നക്ഷത്രങ്ങൾ തെളിയുന്നതെന്നും ഭക്തർ ഇപ്പോഴും വിശ്വസിക്കുന്നത്.



## ഏഷ്യയിലെ ഏറ്റവും വലിയ 3 പ്രദക്ഷിണങ്ങൾ

നൂറുകണക്കിന് വാദ്യകലാകാരന്മാരും 500-ഓളം പൊൻ-വെള്ളിക്കുരിശുകളും ആയിരത്തോളം നാനാവർണ്ണ മുത്തുക്കുടകളും ആയിരക്കണക്കിനു വിശ്വാസികളും തിരുസ്വരൂപങ്ങളും അണിനിരക്കുന്ന തിരുനാൾ പ്രദക്ഷിണം ലോകപ്രസിദ്ധമാണ്. ജനുവരി 19-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഇറങ്ങുകയും വൈകീട്ട് 6 മണിക്ക് പള്ളിയിൽ തിരിച്ച് കയറുകയും ചെയ്യുന്നു. 20-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് തിരുനാൾ പ്രദക്ഷിണം ആരംഭിച്ച് 3 മണിക്ക് പള്ളിയിൽ കയറുന്നു. ഈ പ്രദക്ഷിണത്തിനുടനീളം പരുന്തുകൾ പുണ്യവാന്റെ തിരുസ്വരൂപത്തിനു അകമ്പടി സേവിക്കുന്നു. 20-ാം തീയതി വൈകീട്ട് 6.30 മുതൽ 8 മണി വരെ പള്ളിചുറ്റി സമാപനപ്രദക്ഷിണം നടക്കുന്നു.



പ്രിയമുള്ളവരെ,

യുവാവായിരിക്കെ താൻ വിശ്വസിക്കുന്ന ക്രിസ്തുവിനു വേണ്ടി അതിക്രൂരമായി കൊല്ലപ്പെട്ട ഒരു വിശുദ്ധന്റെ തിരുനാൾ ആഘോഷിക്കുവാൻ നാം ഒരുങ്ങുകയാണല്ലോ. കാഞ്ഞൂർ പള്ളിയിൽ കുടികൊള്ളുന്ന വിശുദ്ധ സെബസ്ത്യാനോസിന്റെ ശക്തി തിരിച്ചറിഞ്ഞവരാണ് ധീരനായ ശക്തൻ തമ്പുരാനും ടിപ്പുസുൽത്താനും. ഈ തിരുനടയിൽ വന്ന് പ്രാർത്ഥിക്കുന്ന നാനാജാതി മതസ്ഥർക്കും പ്രത്യേകിച്ച് യുവതി യുവാക്കൾക്കും പുണ്യാളന്റെ അനുഗ്രഹം പ്രാപിക്കുവാൻ ജനുവരി മാസം 17 മുതൽ 27 വരെ ആഘോഷിക്കുന്ന കാഞ്ഞൂരിലെ വിളിച്ചു വിളി കേട്ട പുണ്യവാളന്റെ തിരുനാളിലേക്ക് ഏവരെയും തിരുനാൾ ആഘോഷ കമ്മിറ്റി സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**റോബർട്ട് തെക്കേക്കര** (ജനറൽ കൺവീനർ) 9249797949

## തിരുനാൾ കമ്മിറ്റി - 2025



**ജിജു കല്ലുങ്ങ**
ജോയിന്റ് കൺവീനർ



**ജോസഫ് പടയാട്ടി**
സെക്രട്ടറി



**ദിപിൻ പാലാട്ടി**
ജോയിന്റ് സെക്രട്ടറി



**സെബിൻ പുത്തൻപുരയ്ക്കൽ**
ട്രഷറർ

**കൈക്കാരന്മാർ**



**ജോസ് പാറയ്ക്ക**



**ജോസി കോഴിക്കാടൻ**

**വൈസ് ചെയർമാൻ**



**ഡേവിസ് വരേകുളം**

**ദേവാലയ ശുശ്രൂഷകർ**



**ഡേവിസ് മാഞ്ഞാലി**



**വർഗീസ് ഇടശ്ശേരി**



**തിരുനാൾ ആഘോഷ കമ്മിറ്റി അംഗങ്ങൾ**



## തിരുനാൾ സബ് കമ്മിറ്റി ലീഡേഴ്സ്


ജോൺസൺ ചേറ്റുങ്ങൽ
ദീപാലങ്കാരം


ജീസ്മോൻ നായരുവേലി
മേളം


സിജോ മരോട്ടിപറമ്പൻ
വോളണ്ടിയേഴ്സ്


ജേക്കബ് ഇടശ്ശേരി
കലാപരിപാടികൾ


ഡേവിഡ് പടയാട്ടി
വെബ് & മീഡിയ


ബെന്നി മേച്ചേരി
ഗതാഗതം


തോമസ് പാലാട്ടി
കുരിശ്


സജീവ് മനയംമ്പിള്ളി
ഗ്രീൻ പ്രോട്ടോകോൾ


മാത്യു മാളിയേക്കൽ
വർണ്ണ മഴ


ജോയി കാച്ചപ്പിള്ളി
ക്രമസമാധാനം


ജോണി കാച്ചപ്പിള്ളി
റിഫ്രഷ്മെന്റ്

### പള്ളി ജീവനക്കാർ


വിൻസെന്റ് ചേറ്റുങ്ങൽ
സെക്രട്ടറി


സിജി ദേവസ്സികുട്ടി
അക്കൗണ്ടന്റ്


ദേവസ്സികുട്ടി പയ്യപ്പിള്ളി
ക്ലർക്ക്


ദേവസ്സികുട്ടി പോട്ടോക്കാരൻ
പള്ളി സഹായി

## നേർച്ച വിതരണം : വുമൺ വെൽഫെയർ & മാതൃസംഘം അംഗങ്ങൾ

65 വർഷക്കാലം
കാഞ്ഞൂർ തിരുനാളിന്റെ
ശബ്ദമായിരുന്ന



പ്രിയപ്പെട്ട
**ജോർജേട്ടന്**
ആദരാഞ്ജലികൾ


ഔസേപ്പ് പാറയ്ക്ക
പബ്ലിസിറ്റി കൺവീനർ


സെബിൻ പുത്തൻപുരയ്ക്കൽ
സപ്ലിമെന്റ് കോ–ഓഡിനേറ്റർ


GOLDEN DIGITAL STUDIO
MALAYATTOOR ROAD KALADY

പ്രഭ
സ്റ്റുഡിയോ & കളർലാബ്
കാഞ്ഞൂർ


സപ്ലിമെന്റ് ഫോട്ടോസ്

കടപ്പാട് - കാഞ്ഞൂർ ഉടമ്പടി

## പ്രസംഗപീഠം

പരിശുദ്ധാരൂപിയുടെ പ്രതീകമുള്ള മേൽത്തട്ടും കൊത്തുപണികളും കൊണ്ട് ചാരുതയാർന്ന പ്രസംഗപീഠം.


സഹകരണ നീതി സൂപ്പർമാർക്കറ്റ്
കാഞ്ഞൂർ
ഹോൾസെയിൽ വിലയിൽ റീട്ടെയിൽ വിൽപ്പന
Free Home Delivery
Ph : 8590 686262



ഒറ്റക്കല്ലിൽ തീർത്ത മാമ്മോദിസതൊട്ടിൽ

## മാമ്മോദീസാക്കല്ല്

കാഞ്ഞൂർ പള്ളിയിലെ ഭീമാകൃതിയിലുള്ള മാമ്മോദിസാകല്ല്. ഒറ്റക്കല്ലിൽ കൊത്തിയെടുത്തിട്ടുള്ള ബൃഹത്തായ ഈ കല്ലിൽ വിചിത്രമായ പല കൊത്തുപണികളും ഉണ്ട്. ഭക്തജനങ്ങൾ തങ്ങളുടെ കുഞ്ഞുങ്ങളെ ഈ കല്ലിനോട് ചേർത്തുപിടിച്ച് വിശുദ്ധജലം (ഹന്നാൻ വെള്ളം) കൊണ്ട് നനയ്ക്കുന്നു.



## മണിമാളികയും പള്ളിമണികളും

ഫ്രാൻസിൽ നിന്ന് കൊണ്ടുവന്ന മണികൾ സ്ഥാപിച്ചിട്ടുള്ള മനോഹരമായ ഇന്നത്തെ പടുകൂറ്റൻ മണിമാളിക 1952-ൽ സൗത്ത് ഇന്ത്യൻ കോർപറേഷനാണ് നിർമ്മിച്ചത്.



പള്ളിയുടെ മുൻപിലുള്ള ഒറ്റക്കല്ലിൽ തീർത്ത കൽക്കുരിശ്



# KALADY MEDICAL CENTRE

0484 2881234 | 8891304717
Malayattoor road, Kalady

KMC MMC

# MANJAPRA MEDICAL CENTRE

0484 2690590 | 9633204717
VIP Arcade, Pullathankavala, Manjapra

## Panel of Expert Doctors

### General Medicine



Dr. SREENADH S — MBBS, MD, DNB (GEN MED.)
Dr. REKHIN NATH T R — MBBS, MD, (GEN MED.)
Dr. EDWIN JOY — MBBS, MD, (GEN MED.)

### Paediatrics



Dr. AKILKRISHNAN — MBBS, DCH
Dr. AZAD MOHAN — MBBS, DNB, MNAMS

### Orthopedic



Dr. RINCE MATHEW — MBBS, DNB (ORTHO)

### E.N.T



Dr. AKSHAY S PANAKKAL — MBBS, MS(ENT)
Dr. ALBIN BABY — MBBS, MS (ENT)
Dr. THOMAS XAVIER — MS, (ENT)

### Cardiology



Dr. JENU JAMES CHAKKOLA — MBBS, MD, DM (CARDIO)

### Gynecology



Dr. TONY NELSON — MBBS, DNB, FMAS
Dr. PONNY — MBBS, DGO, MS, DNB, FMAS

### Dermatology



Dr. GIRLLY KURIAN — MBBS, MD (DVL)

### Ophthalmology



Dr. MEENU C JACOB — MBBS, DO, DNB (OPHTHAL)

### Psychiatry



Dr. ANU SOBHA — MBBS, DPM

### Pathology



Dr. DEEPTHI S PILLAI — MD PATHOLOGY

### Radiology



Dr. HARI M NAMPOOTHIRY — DNM, MNAMS

### CMO



Dr. STEFFY TENSON — MBBS
Dr. GOKUL GOPICHAND — MBBS

### Dietician



ROSHINI SREEJITH — FEELOWSHIP IN CLINICAL NUTRITION, BSC, DCS, CMHN, DLCN, PGDNO

### Physiotherapy



JIYA JOY — BPT

**24 HOURS CASUALITY**

**CASHLESS INSURANCE**

**SUNDAY OPD WITH MD PHYSICIAN**

## മറ്റു സേവനങ്ങൾ

- X RAY
- BLOOD COLLECTION
- AMBULANCE SERVICE
- COMPUTERISED DIAGNOSTIC LAB
- E.C.G.
- ULTRA SOUND SCAN
- FREE PULMONARY FUNCTION TEST (PFT)
- FREE RETINA TEST











പച്ചിലച്ചാറിലും പഴച്ചാറിലും തങ്കഭസ്മത്തിലും ചാലിച്ചെടുത്ത അൾത്താരയിലെ ചുവർ ചിത്രങ്ങൾ.
ഈ പുരാതന ദേവാലയം വാസ്തു ശില്പവിദ്യയും, പേർഷ്യൻ നിർമ്മാണ ശൈലിയും,
പോർച്ചുഗീസ് ശിൽപചാതുര്യവും ഒത്തുചേർന്ന
ക്രൈസ്തവ ദേവാലയ നിർമ്മാണ ശൈലിയുടെ ഒരു ഇതിഹാസമാണ്.







അനുഗ്രഹീതമായ വിശുദ്ധ ബലിയർപ്പണങ്ങൾ
ദൈവാനുഭവം നൽകുന്ന നൊവേനയും ലദീഞ്ഞും
ജീവിതസ്പർശിയായ സന്ദേശങ്ങൾ
ഭക്തിനിർഭരമായ അങ്ങാടി പ്രദക്ഷിണങ്ങൾ

നയനമനോഹരമായ ദീപാലങ്കാരം
കാതുകൾക്ക് ഇമ്പമേകുന്ന ചെണ്ട – പഞ്ചവാദ്യം,
ബാന്റ് – നെയ്യാണ്ടി മേളങ്ങൾ
വർണ്ണമഴകൾ, ഗാനമേളകൾ, സ്റ്റേജ് ഷോകൾ

Church Location

Follow us on

Ph : 0484-2462263
e-mail:kanjoorchurch@gmail.ccom
website : www.kanjoorchurch.com
www.stmarysforanechurch.com


Camerry®
ICE CREAM
Camerry
Love has many flavours